**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1154** **29-08-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം മുകേഷ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാലുല്പാദനത്തിന് സംസ്ഥാനത്തുണ്ടാകുന്ന അധിക ചെലവ് പരിഗണിച്ചും ക്ഷീര കർഷകർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നതിനുമായി ക്ഷീര കർഷകർ സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് നാല് രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) | ക്ഷീര സഹകരണ സംഘങ്ങളിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 1/- രൂപ ക്ഷീര വികസന വകുപ്പിൽ നിന്നും 3/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഇൻസെന്റീവ് നൽകുന്നുണ്ട് |
| (ബി) | ഉല്പാദന ചെലവ് വർദ്ധനവിന്റെ പ്രധാന കാരണം ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കാലിത്തീറ്റ നിർമ്മാതാക്കൾ അമിതലാഭമെടുക്കുന്നതും പച്ചപ്പുൽ ലഭ്യതയുടെ കുറവുമായതിനാൽ ആയത് പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ക്ഷീരസംഘങ്ങളിൽ നിന്നും കർഷകർ വാങ്ങുന്ന കാലിത്തീറ്റയ്ക്കും, പച്ചപ്പുല്ലിനും, വൈക്കോലിനും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സബ്സിഡി നൽകി വരുന്നുണ്ട്. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് നേരിടുന്നത് കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, കാലിത്തീറ്റയും സബ്സിഡി നിരക്കിൽ നൽകി വരുന്നു<br><br>മിൽമയുടെ വിതരണ ഏജൻസികളിൽ നിന്നും സബ്സിഡി നിരക്കിൽ ക്ഷീരകർഷർക്ക് സംഘങ്ങൾ വഴി സൈലേജ്, പച്ചപ്പുല്ല്, ചോളം തുടങ്ങിയവ നൽകുന്നതിനുള്ള പദ്ധതികൾ മേഖലായൂണിയനുകൾ നടത്തി വരുന്നു.<br><br>കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേരള ഫീഡ്സ് ലിമിറ്റഡ് , കാലിത്തീറ്റ ഉൽപാദനത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വിലയിൽ |

| | | | |
|---|---|---|---|
| | | | അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായിട്ടും കാലിത്തീറ്റയുടെ വിലയിൽ ആനുപാതികമായ വർദ്ധനവ് വരുത്തിയിട്ടില്ല. |
| (സി) | കുടുംബശ്രീയുമായി സഹകരിച്ച് പച്ചപ്പുൽ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ? | (സി) | ക്ഷീര വികസന വകുപ്പിന്റെ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതിയുടെ ഭാഗമായി ഗ്രൂപ്പുകൾക്ക് തീറ്റപ്പുൽ കൃഷി ഏറ്റെടുത്ത് നടത്താവുന്നതാണ്. കുടുംബശ്രീ ഗ്രൂപ്പുകൾക്കും വകുപ്പിന്റെ ഈ പദ്ധതിയിലൂടെ തീറ്റപ്പുൽ കൃഷി നടത്തി വിപണനം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ